ദേശാഭിമാനി

2017 ഫെബ്രുവരി 18 ശനി

► സൂക്ഷ്മോൽപ്പന്ന മേഖലാ സാധ്യത

# പ്രീ-ബജറ്റ് മെമ്മോറാണ്ടം ധനമന്ത്രിക്ക് സമർപ്പിച്ചു

● സ്വന്തം ലേഖകൻ

**കൊച്ചി >** സൂക്ഷ്മോൽപ്പന്ന നിർമാണമേഖലയുടെ സാധ്യത ചൂഷണംചെയ്യുന്ന പദ്ധതികൾ ബജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്മോൾ എന്റർപ്രൈസസ് ആൻഡ് ഡെവലപ്മെന്റ്. കൊച്ചി കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഇതടക്കം ലോകനിലവാരത്തിലുള്ള നവസംരംഭങ്ങൾ രൂപപ്പെടുത്താനും മുതൽമുടക്കാനുമുള്ള കേരളത്തിലെ വിപുലമായ സാധ്യതകളെപ്പറ്റി സമഗ്രമായി പ്രതിപാദിക്കുന്ന പ്രീ-ബജറ്റ് മെമ്മോറാണ്ടം ധനമന്ത്രി ഡോ. ടി എം തോമസ് ഐസക്കിന് സമർപ്പിച്ചു.

എറണാകുളംമുതൽ പാലക്കാട്വരെയുള്ള 'വ്യവസായ ഇടനാഴി' പദ്ധതി വിജയിക്കണമെങ്കിൽ ഇത്തരം പുതിയ മേഖലകളുടെ സാധ്യത പരിശോധിച്ച് പ്രവർത്തനങ്ങൾ ക്രോഡീകരിക്കേണ്ടതുണ്ട്. 1500 ഏക്കർ വ്യവസായ ഇടനാഴി മേഖലയിൽ അതീവ സൂക്ഷ്മത ആവശ്യപ്പെടുന്ന ചില ഉൽപ്പന്നങ്ങളുടെ നിർമാണം വികസിപ്പിച്ചെടുക്കാൻ ഏറെ സാധ്യതയുണ്ട്. ഉൽപ്പന്നനിർമാണ മേഖലയിൽ സാമ്പ്രദായിക കാഴ്ചപ്പാടുകൾവിട്ട് പുതിയ മേഖലകൾ കണ്ടെത്തണമെന്ന് മെമ്മോറാണ്ടത്തിൽ പറയുന്നു.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശുപാർശകൾ ഡയറക്ടർ ഡോക്ടർ പി എം മാത്യു, കൺസൾട്ടന്റ് കെ എം നായർ എന്നിവർ ചേർന്നാണ് സമർപ്പിച്ചത്. സംരംഭക വികസന രംഗത്ത് അടിസ്ഥാനപരമായ ചലനങ്ങൾ സൃഷ്ടിക്കാൻകഴിയുന്ന 'വ്യവസായ സേവന വൗച്ചർ സ്കീം' പദ്ധതികളും ഇൻസ്റ്റിറ്റ്യൂട്ടിന്റെ 13 ഇന പരിപാടിയിൽ ഉൾച്ചേർത്തിട്ടുണ്ട്.